# മലയാള പുസ്തകങ്ങളുടെ ശേഖരം

സായാഹ്ന ഫൌണ്ടേഷൻ

തെരഞ്ഞെടുത്ത ഏതാനും മലയാള പുസ്തകങ്ങളുടെ ഇലക്ട്രോണിക് പതിപ്പുകൾ സായാഹ്ന ഫൌണ്ടേഷനിൽ നിന്നും ലഭ്യമാണ്. വായനക്കാർക്ക് യഥേഷ്ടം ഇവിടെനിന്നും ഇറക്കുവാനും അവ തങ്ങളുടെ കമ്പ്യൂട്ടറുകളിലേക്കോ ഇ-പുസ്തകങ്ങൾ വായിക്കുവാനുതകുന്ന മറ്റ് ഉപകരണങ്ങളിലേയ്ക്കോ നിയമവിധേയമായിത്തന്നെ പകർത്തുവാനും അവകാശമുണ്ടായിരിക്കുന്നതാണ്. ക്രിയേറ്റിവ് കോമൺസിന്റെ പകർപ്പവകാശ നിബന്ധനകൾ പ്രകാരം വിതരണം ചെയ്യപ്പെടുന്ന ഈ പുസ്തകങ്ങൾക്ക് യാതൊരു വിലയും നൽകേണ്ടതില്ല, നൂറ് ശതമാനം സൌജന്യമാണ്.

പുസ്തകങ്ങളും വായനയും നശിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലത്തിൽ ഇ-പുസ്തകങ്ങൾക്ക് വളരെയധികം സാംഗത്യമുണ്ടെന്ന് തോന്നുന്നു. യന്ത്രസാമഗ്രികൾ നിറഞ്ഞ, അതിസാങ്കേതികത്വം പരിപോഷിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഇന്നത്തെ ജീവിതത്തിൽ പരമ്പരാഗത രീതിയിൽ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങൾ ഒരുതരം അധികപ്പറ്റായി അതിവേഗം മാറിക്കൊണ്ടിരിക്കുന്നു, അല്ലെങ്കിൽ അവ ആധുനികജീവിതത്തിലെ പ്രവണതകളോട് യോജിക്കാത്ത അവസ്ഥയിൽ എത്തിനിൽക്കുന്നു. അച്ചടിച്ച പുസ്തകത്തിന്റെ വലിപ്പത്തിൽ തുടങ്ങി, അതിന്റെ സൂക്ഷിക്കൽ അപഹരിക്കുന്ന പരിമിതസൗകര്യങ്ങളുള്ള നമ്മുടെ വീട്ടിലെ സ്ഥലം, അത് ആവശ്യപ്പെടുന്ന അദ്ധ്വാനവും ശ്രമവും, വായിക്കുവാൻ കൊടുത്തിട്ട് തിരിച്ചു കിട്ടാത്ത പുസ്തകമുണ്ടാക്കുന്ന ഇച്ഛാഭംഗം, എന്ന് തുടങ്ങി അനുദിനം വർദ്ധിച്ചുവരുന്ന പുസ്തകവിലയിലെ വർദ്ധനവ്, പുസ്തകനിർമ്മിതിക്കായി കാട് വെട്ടിത്തെളിക്കുന്നതിലെ പരിസ്ഥിതിജന്യമായ ആശങ്കകൾ,…ഇങ്ങനെ പോകുന്ന പുസ്തകവിരുദ്ധമായി നമുക്ക് നിരത്താവുന്ന ഘടകങ്ങൾ. ഇവയെല്ലാം ഒറ്റയായും കൂട്ടായും അക്രമിക്കുമ്പോൾ, മനുഷ്യനു മാത്രം അവകാശപ്പെടാൻ കഴിയുന്ന വായനാശീലം എന്നേക്കുമായി നഷ്ടപ്പെട്ടുതുടങ്ങുകയായി. തലമുറകൾ കടന്ന് പോകവെ, ഈ നഷ്ടപ്പെടൽ പൂർണമാവുമ്പോൾ, അറിവും വിവേചനവും വേണ്ടത്ര നേടാനാവാത്ത, അതുകൊണ്ടുതന്നെ അക്രമവാസന കൂടിയ ഒരു പുതുതലമുറയെ നേരിടുക എന്ന ദൗത്യം കൂടി നമ്മിൽ വന്നു ചേരുന്നു.

അപ്പോൾ വായനയെ എങ്ങിനെ തിരികെക്കൊണ്ടുവരാം? ഒരു പോംവഴി ആധുനികജീവിതത്തെ ആകർഷിക്കുന്ന ഒരു പുസ്തകപ്രസിദ്ധീകരണശൈലിയും സംസ്കാരവും അവലംബിക്കുക, സമകാലിക സാങ്കേതികവിദ്യകളുമായി ഇണങ്ങിപ്പോകുന്ന രീതിയിൽ പുസ്തകങ്ങളുടെ ഘടനയിൽ മാറ്റം വരുത്തുക, വിതരണത്തിന് ഇന്റർനെറ്റിനെ ഉപയോഗിക്കുക എന്നിവയാണ്. ഇ-പതിപ്പുകളുടെയും മറ്റ് ഡിജിറ്റൽ രൂപങ്ങളുടെയും പ്രസക്തി ഇവിടെയാണ്. ലോകത്തിന്റെ മറ്റ് ഭാഗങ്ങളിൽ കഴിഞ്ഞ കുറെ ദശകങ്ങളായി പ്രസിദ്ധീകരണ രംഗത്ത് നടന്നു വരുന്ന നൂതന സാങ്കേതിക വിദ്യകളുപയോഗിച്ചുള്ള പരീക്ഷണങ്ങളുടെ വിജയം അതാണ് സൂചിപ്പിക്കുന്നത്.

ഇ-പുസ്തകങ്ങൾ ഇന്റർനെറ്റ് വഴി വിതരണം ചെയ്യുന്നതിനാൽ, വീട് വിട്ടിറങ്ങാതെ വാങ്ങുവാൻ കഴിയുന്നു എന്നത് കൂടാതെ, വാങ്ങിയ നിമിഷം തന്നെ പുസ്തകം നമ്മുടെ ഉപകരണത്തിലേക്കു യാന്ത്രികമായി സ്വയം പകർത്തപ്പെടുകയും ചെയ്യുന്നു. ചലനശേഷി കുറഞ്ഞവർക്ക് ഇന്റർനെറ്റ് വഴിയുള്ള വിപണനം വലിയ അനുഗ്രഹമാണ്. സൂക്ഷിക്കുവാൻ അലമാരകളുടെ ആവശ്യമില്ല, അതുകൊണ്ടുതന്നെ വീട്ടിൽ സ്ഥലം നഷ്ടപ്പെടുന്നില്ല, പൊടിപിടിക്കാതെ സൂക്ഷിക്കേണ്ട ശ്രമങ്ങളും വേണ്ട. പുസ്തകം എപ്പോഴും നമ്മോടൊപ്പം സഞ്ചരിക്കുന്നു. ഇന്നത്തെ മിക്കവാറും ഇ-പുസ്തക ഉപകരണങ്ങൾ മൂവായിരത്തോളം പുസ്തകങ്ങൾ സൂക്ഷിക്കുവാൻ കെല്പുള്ളവയാണ്. അപ്പോൾ, ഒരു സഞ്ചരിക്കുന്ന ഗ്രന്ഥശാലയായി മാറുന്നു ഓരോ ഇ-ബുക് റീഡറും. കൂടാതെ, നിഘണ്ടു, കുറിപ്പുകളെടുക്കുവാനും, അത് സൂക്ഷിക്കുവാനും, അവശ്യാനുസരണം എടുക്കുവാനും, ഇന്റർനെറ്റിലെ മറ്റ് സുഹൃത്തുക്കളുമായി പങ്കുവെക്കുവാനും, ഓരോ പുസ്തകത്തിലും വായിച്ചു നിറുത്തിയ ഇടം അടയാളപ്പെടുത്തുവാനുമുള്ള സംവിധാനം എന്നു തുടങ്ങി ഒട്ടനവധി സൗകര്യങ്ങൾ ആധുനിക ഇ-ബുക് റീഡറുകൾ നൽകുന്നു.

അവഗണിക്കാനാവാത്ത ഒരു ഘടകം ഇതിന്റെ സാമ്പത്തിക വശമാണ്. ഇ-പുസ്തകങ്ങളുടെ വില അതിന്റെ അച്ചടി രൂപത്തിനെക്കാളും കുറവാണ്, മിക്കവാറും മൂന്നിലൊന്നായി ചുരുങ്ങിയതായിട്ടാണ് കാണുന്നത്. പഴയ പുസ്തകങ്ങൾ, അതായത് പകർപ്പവകാശനിയമത്തിന്റെ പരിധിക്ക് പുറത്തായവ, മിക്കവാറും സൌജന്യമായി ലഭ്യമാവുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ ഇത്തരം പുസ്തകങ്ങൾ

എല്ലാം വളരെ മുമ്പ് തന്നെ കിട്ടിത്തുടങ്ങിയിരുന്നു. പക്ഷെ, മലയാളത്തിന്റെ സ്ഥിതി ദയനീയമാണ്. കാലഘട്ടത്തിന്റെ ആനുകൂല്യങ്ങൾ സ്വന്തം ജനതയ്ക്ക് എത്തിക്കുന്നതിൽ മറ്റ് ഇന്ത്യൻ ഭാഷകളിലെ സുഹൃത്തുക്കൾ പണിപ്പെടുകയും ആ ഭാഷകളെല്ലാം അനുദിനം സമ്പന്നമാവുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, വിക്കി ഗ്രന്ഥശാല പോലുള്ള സംരംഭങ്ങളിൽ പോലും മലയാള വിഭാഗം ശോചനീയമാം വിധം ശുഷ്കമാണ്. ഒരു വശത്ത് മലയാളത്തിന് ശ്രേഷ്ഠ ഭാഷാപദവിക്കു വേണ്ടി മുറവിളി കൂട്ടുമ്പോൾ, ഭാഷ നേരിടുന്ന ദാരുണമായ ദൌർബല്യങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ പുലർത്തുന്ന അലംഭാവം കുറ്റകരമായ രീതിയിലാണെന്ന് പറയാതെ വയ്യ.

ഈ പശ്ചാത്തലത്തിലാണ് സായാഹ്ന ഫൌണ്ടേഷൻ ഏതാനും സന്നദ്ധസേവകരുടെ സഹായത്തോടു കൂടി പകർപ്പവകാശപരിധിയുടെ കാലയളവ് കഴിഞ്ഞ, പൊതുസമൂഹത്തിന്റെ വകയായ പുസ്തകങ്ങൾ; സ്വതന്ത്രവിതരണത്തിൽ വിശ്വസിക്കുന്ന എഴുത്തുകാരുടെ പുസ്തകങ്ങൾ എന്നിവ ഡിജിറ്റൈസ് ചെയ്യുകയും പൊതുസമൂഹത്തിന്റെ സ്വതന്ത്രമായ ഉപയോഗത്തിന് സമർപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി മുന്നോട്ടു വന്നിട്ടുള്ളത്. ഈ സംരംഭത്തിൽ അനുകൂല മനോഭാവമുള്ള ആർക്കു വേണമെങ്കിലും താഴെപ്പറയുന്ന പല രീതികളിൽ പങ്കെടുക്കാം.

1. വിക്കി ഗ്രന്ഥശാല പോലുള്ള സംരംഭങ്ങളിൽ പുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പരിപാടിയിൽ സ്വന്തം നിലക്ക് ഡാറ്റ എൻട്രി, പ്രൂഫ് വായന തുടങ്ങിയവ കഴിയുന്നിടത്തോളം ചെയ്തു കൊടുക്കുക.
2. നിങ്ങൾ ഒരു എഴുത്തുകാരനാണെങ്കിൽ, സ്വന്തം കൃതികൾ ക്രിയേറ്റിവ് കോമൺസിന്റെ ഏതെങ്കിലും യുക്തമായ പകർപ്പവകാശനിബന്ധന അനുസരിച്ച് വിതരണാവകാശം നല്കുക.
3. നിങ്ങൾക്കു താൽപ്പര്യമുള്ള, പകർപ്പവകാശക്കെട്ടുപാടില്ലാത്ത ഏതെങ്കിലും പുസ്തകമുണ്ടെങ്കിൽ അത് സ്വന്തം നിലയ്ക്ക് ഡാറ്റ എൻട്രി നടത്തിക്കൊടുക്കുക. സാങ്കേതിക സഹായത്തിന് ⟨info@sayahna.org⟩ എന്ന ഇ-തപാലിൽ ബന്ധപ്പെടുക.
4. സ്വയം ചെയ്യുവാനുള്ള സാങ്കേതിക വൈദഗ്ദ്ധ്യം ഇല്ലെങ്കിൽ, ഈ പണിയിലേർപ്പെട്ടിരിക്കുന്ന “സേവ” (SEWA) പോലുള്ള സംഘടനകൾ മിതമായ നിരക്കിൽ ചെയ്തു തരുന്നതാണ്. ഒരു കൊല്ലത്തിൽ ഒരു പുസ്തകം വീതം ചെയ്യുവാൻ കഴിഞ്ഞാൽ, മലയാളഭാഷയോടും ഈ സമൂഹത്തോടും ചെയ്യാവുന്ന ഏറ്റവും വലിയ ഉപകാരമായിരിക്കും.
5. നിങ്ങൾ ചിത്രകാരനാണെങ്കിൽ, പുസ്തകങ്ങൾ ചിത്രണം ചെയ്യുവാൻ മുന്നോട്ടു വരിക. ഒട്ടനവധി പുസ്തകങ്ങൾ ചിത്രണം കാത്തിരിക്കുന്നു. അതുപോലെ തന്നെയാണ് മുഖചിത്രങ്ങളുടെ കാര്യവും.
6. നിങ്ങൾ നല്ല ശബ്ദത്തിന്റെ ഉടമയും ഉച്ചാരണശുദ്ധിയുമുണ്ടെങ്കിൽ, പുസ്തകങ്ങളുടെ ഓഡിയോ പതിപ്പിലേക്കായി ശബ്ദലേഖനം ചെയ്യുവാൻ സഹായിക്കുക. കാഴ്ചശക്തി കുറഞ്ഞ അല്ലെങ്കിൽ നഷ്ടപ്പെട്ട നമ്മുടെ സഹോദരങ്ങൾക്ക് അത് വലിയ സഹായമായിരിക്കും.
7. ഇതൊന്നുമല്ല, വെറും വായനയിലൊതുങ്ങി നിൽക്കുന്ന ഒരാളാണെങ്കിൽ, ഏതൊക്കെയാണ് അവശ്യമായും ഉണ്ടാവണമെന്ന് ആഗ്രഹിക്കുന്ന പുസ്തകങ്ങളെന്ന് പറയുക.
8. ഈ വിവരം സുഹൃത്തുക്കളുമായി പങ്ക് വെയ്ക്കുക.